# പതിന്നാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 539 30.06.2016-ൽ മറുപടിയ്ക്ക്**

## ഇടുക്കി ജില്ലയിൽ പട്ടയം ലഭിച്ച ഭൂമി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം.എം.മണി | അഡ്വ.കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| എ) ഇടുക്കി ജില്ലയിൽ പട്ടയം ലഭിച്ച ഭൂമിയിൽ കർഷകർ നട്ടു വളർത്തിയ മരങ്ങൾ മുറിച്ച് മാറ്റുന്നതിന് തടസ്സം നേരിടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട പരാതി ലഭിച്ചിട്ടുണ്ടോ; | എ) ഇടുക്കി ജില്ലയിൽ പട്ടയം ലഭിച്ച ഭൂമിയിൽ കർഷകർ നട്ടുവളർത്തിയ മരങ്ങൾ മുറിച്ച് മാറ്റുന്നതിന് തടസ്സം നേരിടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>ഇതുമായി ബന്ധപ്പെട്ട പരാതി ലഭിച്ചിട്ടുണ്ട്. |
| ബി) പ്രശ്ന പരിഹാരത്തിനായി ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്നതു സംബന്ധിച്ച വിശദാംശം നൽകാമോ? | ബി) 1964-ലെ ഭൂപതിവ് ചട്ടങ്ങൾ, 1993-ലെ പ്രത്യേക ചട്ടങ്ങൾ എന്നിവ പ്രകാരം അനുവദിക്കുന്ന ഭൂപതിവ് പട്ടയങ്ങളിലെ ചില വ്യവസ്ഥകൾ പട്ടയഭൂമിയിൽ നട്ടു വളർത്തിയ മരങ്ങൾ മുറിക്കുന്നതിന് പ്രതിബന്ധമാകുന്നുണ്ട്. ഇടുക്കി ജില്ലയിൽ മിക്കവാറും വില്ലേജുകൾ 1986-ലെ വൃക്ഷ സംരക്ഷണ നിയമത്തിലെ 5-ാം വകുപ്പ് പ്രകാരമോ, 2006-ലെ വൃക്ഷം വളർത്തൽ പ്രോത്സാഹന നിയമ പ്രകാരമോ വിജ്ഞാപനം ചെയ്തിട്ടുള്ളവയാണ്.<br>ഇവിടങ്ങളിൽ മരങ്ങൾ മുറിക്കുന്നതിന് നിയന്ത്രണങ്ങൾ നിലവിലുള്ളതാണ്. |

. ..2)

വനഭൂമിയിൽ നിലവിൽ പട്ടയം ലഭിച്ചിട്ടുള്ള സ്ഥലങ്ങളിൽ പട്ടയക്കാർക്കും, ഗിരിജൻ സെറ്റിൽമെന്റുകളിൽ വസിക്കുന്ന ഗിരിജനങ്ങൾക്കും 11 ഇനങ്ങളിൽപ്പെട്ട (മാവ്, അമ്പഴം, പുളി, നെല്ലി, കുടംപുളി, മട്ടി, മുരിക്ക്, അൽബീസിയ, സിൽവർ ഓക്ക്, പ്ലാവ്, ആഞ്ഞിലി) മരങ്ങൾ മുറിച്ചെടുത്ത് ഉപയോഗിക്കുവാൻ 15.03.1993-ലെ സ.ഉ(എം.എസ്) നം.23/ 93/വനം നമ്പർ ഉത്തരവ് പ്രകാരം അനുവാദം നൽകിയിരുന്നു. ഇതിൽ പ്ലാവും ആഞ്ഞിലിയും മുറിക്കുന്നതിനുള്ള അനുമതി 19.05.1993-ലെ സ.ഉ (എം.എസ്) നം. 36/93/വനം നമ്പർ ഉത്തരവ് പ്രകാരം നിർത്തലാക്കി. എന്നാൽ 27.05.2015-ലെ സ.ഉ (എം.എസ്)നം.40/2015/വനം നമ്പർ ഉത്തരവ് പ്രകാരവും 09.07.2015-ലെ സ.ഉ(എം.എസ്) നം. 49/15/വനം നമ്പർ ഉത്തരവ് പ്രകാരവും പ്ലാവ്, ആഞ്ഞിലി) മരങ്ങൾ പട്ടയ ഭൂമിയിൽ നിന്നും മുറിക്കുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്.

Chitra
സെക്ഷൻ ഓഫീസർ